സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 286 2026 ഫെബ്രുവരി 27 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

30,000 രൂപയും 35 പവനും കവർന്നു; ഒളിവിൽ കഴിയവെ യുവതി അറസ്റ്റിൽ

ആലപ്പുഴ: ഭർതൃവീട്ടിൽ നിന്നു 35 പവനോളം സ്വർണ്ണാഭരണങ്ങളും 30,000 രൂപയും മോഷ്ടിച്ച കേസിൽ യുവതി അറസ്റ്റിൽ. ചേർത്തല എസ്.എൽ.പുരം കോർത്തുശ്ശേരി വീട്ടിൽ ജി.ആതിരയെ (26)യാണ് പൂച്ചാക്കൽ പൊലീസ് അറസ്റ്റ് ചെയ്തത്. ചേർത്തല താലൂക്ക് തൈക്കാട്ടുശ്ശേരി പഞ്ചായത്ത് 7 വാർഡിൽ 7ൽ കൊച്ചുപറമ്പിൽ വീട്ടിൽ രഘുനാഥന്റെ വീട്ടിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന സ്വർണ്ണാഭരണങ്ങളും പണവുമാണ് മോഷണം പോയത്. ഭർത്താവിന്റെ അമ്മ ചിട്ടി പിടിച്ച 30,000 രൂപയും മാല, വള, കൊലുസ് ഉൾപ്പെടെയുള്ള 35 പവൻ സ്വർണ്ണവുമാണ് പ്രതി കവർന്നത്.സംഭവത്തിന് ശേഷം വിവിധ സ്ഥലങ്ങളിൽ മാറിമാറി ഒളിവിൽ കഴിഞ്ഞ പ്രതിയെ കോട്ടയത്ത് നിന്ന് അറസ്റ്റുചെയ്തത്.

തൃശൂരിന്റെ പുതിയ കളക്ടർക്ക് തൃശൂരിനെ നന്നായി അറിയാം

തൃശൂരിന്റെ പുതിയ കളക്ടറായി എത്താൻ പോകുന്ന ശിഖ സുരേന്ദ്രന് തൃശൂർ ഏറെയും പരിചിതമായ ഇടം.

തൃശൂർ ജില്ലാ ഡെവലപ്മെൻറ് കമ്മിഷണർ ആയി ശിഖ സുരേന്ദ്രൻ നേരത്തെ ചുമതല വഹിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ തൃശൂർ ജില്ലയെ കുറിച്ചുള്ള കാര്യങ്ങൾ വരാൻ പോകുന്ന കളക്ടർക്ക് വ്യക്തമായി അറിയാം.

കേരള ടൂറിസം ഡയറക്ടർ പദവിയിൽ നിന്നാണ് ശിഖ സുരേന്ദ്രൻ വീണ്ടും ജില്ലാ ഭരണകൂടത്തിന്റെ തലപ്പത്തേക്ക് എത്തുന്നത്.

2018 കേരള കേഡറിലെ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (ഐഎഎസ്) ഉദ്യോഗസ്ഥയായ ശിഖ സുരേന്ദ്രൻ എറണാകുളം ജില്ലയിൽ നിന്നുള്ളയാളാണ്. കോതമംഗലം എംഎ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് സിവിൽ എഞ്ചിനീയറിംഗ് ബിരുദം നേടിയ അവർ തന്റെ കരിയറിൽ ഉടനീളം നിരവധി പ്രധാന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കോട്ടയത്ത് അസിസ്റ്റന്റ് കളക്ടർ, കൊല്ലത്തും ഒറ്റപ്പാലത്തും സബ് കളക്ടർ, തൃശ്ശൂരിൽ ജില്ലാ വികസന കമ്മീഷണർ, ആരോഗ്യ-കുടുംബക്ഷേമ വകുപ്പിൽ ഡെപ്യൂട്ടി സെക്രട്ടറി, കേരളത്തിലെ ലൈഫ് മിഷന്റെ സിഇഒ എന്നീ പദവികൾ അവർ വഹിച്ചിട്ടുണ്ട്. നിലവിൽ, ടൂറിസം വകുപ്പ് ഡയറക്ടറായും കേരള ടൂറിസം വികസന കോർപ്പറേഷന്റെ (കെടിഡിസി) മാനേജിംഗ് ഡയറക്ടറായും അവർ സേവനമനുഷ്ഠിക്കുന്നു.

സാധാരണ കുടുംബപശ്ചാത്തലത്തിൽ നിന്നും വ്യക്തമായ ലക്ഷ്യത്തോടെ പഠിച്ചാണ് ശിഖ സിവിൽ സർവീസ് നേടിയെടുത്തത്. കോലഞ്ചേരിയിലെ കൊച്ചുവീട്ടിൽ നിന്നാണ് ശിഖ പഠനം തുടങ്ങിയത്. രണ്ട് വർഷത്തെ പരിശ്രമത്തിനൊടുവിലാണ് സ്വപ്നം സാക്ഷാത്ക്കാരം. മലയാളക്കരയ്ക്ക് അഭിമാനിക്കാവുന്ന നേട്ടമാണ് ശിഖയുടെ വിജയം. കാരണം മലയാളം ഐച്ഛിക വിഷയമായി തെരഞ്ഞെടുത്താണ് ശിഖ സിവിൽ സർവീസ് പരീക്ഷ എഴുതിയത്.

ഇംഗ്ലീഷ് പഠിച്ചാൽ മാത്രമേ ഐഎഎസ് കിട്ടുകയുള്ളെന്ന തെറ്റിദ്ധാരണ മാറ്റിമറിച്ച് കേരളത്തിനും മലയാളത്തിനും അഭിമാനമാവുകയായിരുന്നു ശിഖ.

പ്ലസ് ടൂവിൽ മലയാളത്തിൽ നൂറിൽ നൂറിൽ മാർക്ക് നേടിയ ശിഖ ഐച്ഛിക വിഷയമായി തെരഞ്ഞെടുത്തതും മലയാളം തന്നെ. ആത്മവിശ്വാസവും കഠിനപരിശീലനവും ചേർന്നപ്പോൾ ഐഎഎസ് സ്വപ്നം യാഥാർത്ഥ്യമായി. സ്കൂൾ തലത്തിലെ പഠനത്തിൽ മികവ് പുലർത്തിയ ശിഖക്ക് പുസ്തകങ്ങൾ എക്കാലവും അടുത്തകൂട്ടുകാരായിരുന്നു. കോതമംഗലം എംഎ എൻജിനീയറിങ് കോളജിൽ നിന്ന് ബിടെക്ക് പാസായ ശേഷമാണ് ശിഖ സിവിൽ സർവീസിന് തയ്യാറെടുത്ത് തുടങ്ങിയത്.

ഒന്നാംക്ലാസു മുതൽ ഏഴാംക്ലാസുവരെ സെയ്ന്റ് പോൾസ് ജൂനിയർ സ്കൂളിലും എട്ടുമുതൽ പത്തുവരെ കടയിരുപ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലുമാണ് ശിഖ പഠിച്ചത്. പ്ലസ് ടുവിന് കോലഞ്ചേരി സെയ്ന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിലും പഠിച്ചു. എസ്.എസ്.എൽ.സി. മുതൽ എല്ലാ വിഷയങ്ങൾക്കും ശിഖയ്ക്ക് എ പ്ലസുണ്ട്. കോതമംഗലം എം.എ. എൻജിനീയറിങ് കോളേജിൽ ബി.ടെക്കിന് മികച്ച വിദ്യാർത്ഥിക്കുള്ള സമ്മാനവും നേടിയിട്ടുണ്ട്

തൃശൂരിൽ യാത്രയ്ക്ക് നിന്നിരുന്ന സ്വകാര്യ ബസിനു തീപിടിച്ചു

തൃശൂർ: യാത്രക്ക് നിന്നിരുന്ന സ്വകാര്യ ബസിന് തീ പിടിച്ചു. തുടർന്ന് ഉരുണ്ട് പോയ ബസ് മറ്റൊരു ബസിൽ ഇടിച്ചാണ് നിന്നത്. ഇന്ന് പുലർച്ച ആറരയോടെ ശക്തൻ സ്റ്റാൻഡിലാണ് സംഭവം. മഴ ഉണ്ടായിരുന്നതിനാൽ വലിയൊരു അപകടം ഒഴിവായി. സന്തോഷം എന്ന ബസാണ് അപകടത്തിൽപ്പെട്ടത്. വയറിംഗ് കിറ്റിൽ ഉണ്ടായ ഷോട്ട് സർക്യൂട്ടാണ് അപകടത്തിന് ഇടയാക്കിയത്. വിവരം അറിഞ്ഞ് ഫയർഫോഴ്സ് സ്ഥലത്ത് എത്തും മുമ്പേ തീ അണച്ചിരുന്നു. ട്രാക്കിൽ കിടന്നിരുന്ന ബസിൽ യാത്രക്കാർ ഉണ്ടായിരുന്നുവെന്നും ബസിൽ പുക ഉയരുന്നത് കണ്ടതോടെ യാത്രക്കാരെ ഇറക്കുകയായിരുന്നു. ഡ്രൈവർ സീറ്റിന്റെ ഭാഗത്താണ് തീപിടിച്ചത്. ഇതോടെ ബസ് നിയന്ത്രിക്കാനാവാതെ വന്നതോടെ ഡ്രൈവർ മറ്റു ബസുകൾ മാറ്റിയിടാൻ ആവശ്യപ്പെടുകയായിരുന്നു. മഴ ഉണ്ടായിരുന്നതിനാൽ വലിയൊരു തീപിടിത്തം ഒഴിവാക്കുകയായിരുന്നു.

സ്ത്രീ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായവരുടെ വിവരവും ചോർത്തി; കൂടുതൽ രേഖകളുമായി ചെന്നിത്തല

തിരു: ഡാറ്റാ ചോർച്ചയുമായുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയനെതിരേ ഗുരുതര ആരോപണവുമായി കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. ഡാറ്റാ ചോർച്ചയുടെ പിന്നിൽ പ്രവർത്തിച്ചത് മുഖ്യമന്ത്രിയുടെ ഓഫീസ് ആണ്. മുഖ്യമന്ത്രി നേരിട്ട് ഒരു കോടിയിലേറെ പേരുടെ വിവരങ്ങൾ അവരുടെ സമ്മതമില്ലാതെ ശേഖരിച്ചു. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ആ വിവരങ്ങൾ സ്വകാര്യ ഏജൻസിക്ക് കൈമാറിയെന്നും അദ്ദേഹം ആരോപിച്ചു.

സാധാരണക്കാരായ സ്ത്രീകളുടെ അടക്കം വിവരങ്ങൾ കൈമാറി. ഇത് ഗുരുതര സാമൂഹിക വിഷയമാണെന്നും ചെന്നിത്തല വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മുഖ്യമന്ത്രി ഓഫീസ് വിവരങ്ങൾ ആവശ്യപ്പെട്ട് അയച്ച രണ്ട് കത്തുകളും ചെന്നിത്തല പുറത്തുവിട്ടു

സ്ത്രീ സുരക്ഷാ പദ്ധതിയിൽ ചേർത്തവരുടെ പേരുവിവരങ്ങളും സർക്കാർ ചോർത്തി. ലക്ഷക്കണക്കിന് സാധാരണക്കാരായ സ്ത്രീകളുടെ വിവരങ്ങളാണ് സർക്കാർ ചോർത്തിയത്. ഇതിന് പിന്നിലും മുഖ്യമന്ത്രിയുടെ ഓഫീസ് തന്നെയാണ്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കേരളത്തിലെ 35നു മുകളിൽ പ്രായമുള്ള ലക്ഷക്കണക്കിന് സ്ത്രീകളുടെ വ്യക്തിവിവരങ്ങളാണ് മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി നൽകിയ കത്ത് പ്രകാരം ചോർത്തിയെടുത്തതെന്ന് ചെന്നിത്തല ആരോപിച്ചു. ഇതിനുതെളിവായി മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടി സീറാം സാംബശിവറാവു ഫെബ്രുവരി ഏഴിന് അയച്ച കത്തും അദ്ദേഹം പുറത്തുവിട്ടു.

പാവപ്പെട്ട സ്ത്രീകളുൾപ്പെടെയുള്ള ലക്ഷക്കണക്കിനാളുകളുടെ വ്യക്തിവിവരങ്ങൾ ചോർത്തി യാതൊരു മുൻകരുതലുമില്ലാതെ സ്വകാര്യ ഏജൻസികൾക്കു കൈമാറി തെരഞ്ഞെടുപ്പ് ആവശ്യത്തിന് ഉപയോഗിച്ചുവെന്നും അദ്ദേഹം ആരോപിച്ചു. ഈ ഡാറ്റ ലഭിച്ച സ്വകാര്യ ഏജൻസികൾ ഇവ ദുരുപയോഗം ചെയ്യാനിടയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പാലക്കാട്ട് സരിൻ സിപിഎം സ്ഥാനാർഥി, പ്രഖ്യാപനം മറ്റ് മുന്നണികളുടെ തീരുമാനം വന്നശേഷം

പാലക്കാട്: നിയമസഭാ തിരഞ്ഞെടുപ്പിൽ പാലക്കാട് മണ്ഡലത്തിൽ പി. സരിന്റെ പേര് നിർദേശിച്ച് സിപിഎം ജില്ലാ സെക്രട്ടേറിയറ്റ്. മറ്റ് മുന്നണികളുടെ തീരുമാനം വന്ന ശേഷമതി പാലക്കാട്ടെ സ്ഥാനാർഥി പ്രഖ്യാപനമെന്നും ധാരണയായി. തൃത്താലയിൽ മന്ത്രി എം.ബി. രാജേഷ് തന്നെ മത്സരിക്കും.

അതേസമയം, ആലത്തൂരിലും നെന്മാറയിലും രണ്ട് ടേം പൂർത്തിയാക്കിയ കെ.ഡി. പ്രസേനനും കെ. ബാബുവും മാറിയേക്കും. നെന്മാറയിൽ മുൻ പഞ്ചായത്ത് പ്രസിഡന്റ് കെ. പ്രേമന്റെ പേരാണ് നിർദേശിച്ചിട്ടുള്ളത്. ആലത്തൂരിൽ ജില്ലാ സെക്രട്ടേറിയറ്റ് അംഗം വി. പൊന്നുകുട്ടന്റെ പേരാണ് മുന്നോട്ടുവെച്ചിട്ടുള്ളത്. വ്യാഴാഴ്ച ചേർന്ന സിപിഎം പാലക്കാട് ജില്ലാ സെക്രട്ടേറിയറ്റാണ് സ്ഥാനാർഥി നിർണയവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊണ്ടത്.

ഒറ്റപ്പാലത്ത് കെ. പ്രേംകുമാറും ഷൊർണൂരിൽ പി. മമ്മിക്കുട്ടിയും ഇത്തവണയും മത്സരിക്കും. ഇരുവരും ഒരു ടേം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ, അതിനാൽ ഇക്കുറിയും മത്സരിക്കട്ടേ എന്ന നിലപാടാണ് ജില്ലാ സെക്രട്ടേറിയറ്റ് കൈക്കൊണ്ടത്.

കെജ്രിവാളും സിസോദിയയും കുറ്റവിമുക്തർ; ഒന്നിനും തെളിവില്ല; സിബിഐയ്ക്ക് രൂക്ഷവിമർശനം

ന്യൂഡൽഹി: ഡൽഹി മദ്യനയക്കേസിൽ മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെയും മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയെയും ഡൽഹി റൗസ് അവന്യൂ കോടതി കുറ്റവിമുക്തരാക്കി. തെലങ്കാന മുൻ മുഖ്യമന്ത്രി കെ. ചന്ദ്രശേഖർ റാവുവിന്റെ മകൾ കെ. കവിത അടക്കമുള്ള കേസിലെ മുഴുവൻ പ്രതികളെയും കോടതി വിട്ടയച്ചു.

വിധി വന്നതിനു പിന്നാലെ മാധ്യമങ്ങളെ കണ്ട കേജ്രിവാൾ പൊട്ടിക്കരഞ്ഞു. സത്യം ജയിച്ചെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തര മന്ത്രി അമിത് ഷായും ചേർന്ന് കെട്ടിച്ചമച്ച കേസ് ആണിതെന്നും അദ്ദേഹം പറഞ്ഞു.

അന്വേഷണം നടത്തിയ സിബിഐയ്ക്കെതിരെ കോടതി രൂക്ഷവിമർശനമാണ് ഉന്നയിച്ചത്. മദ്യനയവുമായി ബന്ധപ്പെട്ട് ഗൂഢാലോചന നടത്തിയതിനോ കുറ്റം ചെയ്തതിനോ യാതൊരുവിധ തെളിവുകളുമില്ലെന്ന് നിരീക്ഷിച്ച കോടതി, അന്വേഷണ ഏജൻസിയായ സിബിഐക്കെതിരെ അതിരൂക്ഷമായ വിമർശനമാണ് ഉന്നയിച്ചത്. പ്രതികൾക്കെതിരെ വിചാരണ തുടങ്ങുന്നതിന് മുൻപുതന്നെ തെളിവുകളുടെ അഭാവത്തിൽ എല്ലാവരെയും വിട്ടയച്ചുകൊണ്ടുള്ള സുപ്രധാന ഉത്തരവ് കോടതി പുറപ്പെടുവിച്ചത്.

സിബിഐ സമർപ്പിച്ച ആയിരം പേജോളം വരുന്ന കുറ്റപത്രത്തിൽ പിഴവുകളുണ്ടെന്നും പ്രതികൾക്കെതിരെ ഒരു സാക്ഷിമൊഴി പോലും ഹാജരാക്കാൻ അന്വേഷണ സംഘത്തിന് കഴിഞ്ഞില്ലെന്നും വിചാരണ കോടതി കുറ്റപ്പെടുത്തി. ആം ആദ്മി പാർട്ടിക്കും കെജ്രിവാളിനും വലിയ ആശ്വാസം നൽകുന്നതാണ് കോടതി വിധി.

2022-ലെ മദ്യനയവുമായി ബന്ധപ്പെട്ട് ഏകദേശം 1000 കോടി രൂപയുടെ അഴിമതി നടന്നെന്നായിരുന്നു പ്രധാന ആരോപണം. മദ്യക്കമ്പനികൾക്ക് ഇളവുകൾ നൽകിയതിലൂടെ ലഭിച്ച കമ്മീഷൻ തുക ഗോവ തിരഞ്ഞെടുപ്പിലടക്കം ആം ആദ്മി പാർട്ടി ഉപയോഗിച്ചുവെന്ന ആരോപണങ്ങളിൽ യാതൊരു കഴമ്പുമില്ലെന്ന് കോടതി കണ്ടെത്തി.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ആം ആദ്മി പാർട്ടിക്കെതിരെ ബിജെപി ഏറ്റവും വലിയ രാഷ്ട്രീയ ആയുധമായി ഉപയോഗിച്ചത് ഈ കേസായിരുന്നു. അരവിന്ദ് കെജ്രിവാൾ നേരിട്ട് പണം വാങ്ങിയെന്നും മനീഷ് സിസോദിയ ഇതിന് ഇടനിലക്കാരനായി നിന്നുവെന്നുമായിരുന്നു ബിജെപിയുടെ പ്രധാന ആരോപണം.

ബിജെപിക്ക് ഡൽഹിയിൽ അധികാരത്തിലേറാൻ വഴിതുറന്ന ആരോപണങ്ങളായിരുന്നു ഇവയെങ്കിലും, കോടതിയിൽ ഇവയൊന്നും തെളിയിക്കാൻ സിബിഐക്ക് കഴിഞ്ഞില്ല.

കെ എസ് ബൈജുവും പുറത്തേക്ക്, രണ്ട് കേസുകളിലും ജാമ്യം

കൊല്ലം: ശബരിമല സ്വർണക്കൊള്ളയിൽ മുൻ തിരുവാഭരണം കമ്മീഷണർ കെ എസ് ബൈജുവിന് ജാമ്യം അനുവദിച്ച് കൊല്ലം വിജിലൻസ് കോടതി. ദ്വാരപാലക ശില്പ കേസിലാണ് കോടതി സ്വാഭാവികജാമ്യം അനുവദിച്ചത്. കെ എസ് ബൈജു ഇന്നുതന്നെ ജയിൽ മോചിതനാകും. റിമാൻഡ് കാലാവധി 90 ദിവസം പിന്നിട്ടതോടെയാണ് കെ എസ് ബൈജു സ്വഭാവിക ജാമ്യത്തിനായി നീക്കം നടത്തിയത്. നേരത്തെ കട്ടിളപ്പാളി കേസിൽ ജാമ്യം ലഭിച്ചിരുന്നു.

ദേവസ്വം മുൻ പ്രസിഡന്റ് പത്മകുമാറിനും കട്ടിളപ്പാളി കേസിൽ ജാമ്യം നൽകിയിരുന്നു. എന്നാൽ ദ്വാരപാലക കേസ് ഉള്ളതിനാൽ റിമാൻഡിൽ തുടരുകയാണ്. ദ്വാരപാലക കേസിൽ പത്മകുമാറിനെ അറസ്റ്റ് ചെയ്ത് 90 ദിവസം ഈ ആഴ്ച പൂർത്തിയാകും. ഇതോടെ സ്വാഭാവിക ജാമ്യത്തിനുള്ള ഹർജിയുമായി കോടതിയെ സമീപിച്ച് പുറത്തിറങ്ങാനാവും. ഇതുവരെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റി ഉൾപ്പെടെ ആറ് പ്രതികൾ ജാമ്യം ലഭിച്ച് പുറത്തുവന്നിട്ടുണ്ട്.

മട്ടന്നൂരില്ലെങ്കിൽ മത്സരിക്കാനില്ലെന്ന് കെ കെ ശൈലജ

കണ്ണൂർ: ഹാട്രിക് ഭരണം ലക്ഷ്യമിടുന്ന സിപിഎമ്മിന്റെ കണ്ണൂർ ജില്ലയിൽ നിന്നുള്ള പട്ടികയിൽ മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര കമ്മിറ്റിയംഗവും മുൻ ആരോഗ്യ മന്ത്രിയുമായ കെ.കെ.ശൈലജയും ഉൾപ്പെടും. കെകെ ശൈലജയെ മട്ടന്നൂരിൽ നിന്ന് മാറ്റി മറ്റേതെങ്കിലും മണ്ഡലത്തിൽ പരിഗണിച്ചേക്കുമെന്നാണ് റിപ്പോർട്ട്. എന്നാൽ മട്ടന്നൂരില്ലെങ്കിൽ മത്സരിക്കാനില്ലെന്ന നിലപാടിലാണ് കെകെ ശൈലജ. മണ്ഡലം മാറ്റുന്നത് സംബന്ധിച്ച അതൃപ്തി സംസ്ഥാന നേതൃത്വത്തെ അറിയിച്ചതായാണ് വിവരം.

അഞ്ച് വട്ടം മത്സരിച്ചതിനാൽ കെകെ ശൈലജ മത്സരിക്കേണ്ടെന്ന നിലപാടും ചില നേതാക്കൾ സ്വീകരിച്ചിട്ടുണ്ട്. മട്ടന്നൂരല്ലെങ്കിൽ തളിപ്പറമ്പ്, പേരാവൂർ എന്നീ മണ്ഡലങ്ങളിൽ പരിഗണിക്കാനാണ് സാദ്ധ്യത. മട്ടന്നൂരിൽ ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി വികെ സനോജിനെയോ, ജില്ലാ സെക്രട്ടേറിയറ്റ് അംഗം പി പുരുഷോത്തമനെയോ പരിഗണിക്കാമെന്ന നിർദ്ദേശവും ജില്ലാ സെക്രട്ടറിയേറ്റിലുയർന്നു.

തളിപ്പറമ്പിൽ ശൈലജയ്ക്ക് പുറമെ എം.വി.ജയരാജൻ, ജില്ലാ സെക്രട്ടേറിയറ്റ് അംഗം എൻ.സുകന്യ തുടങ്ങിയ പേരുകളും പരിഗണനയിലുണ്ട്. മുൻ എം.എൽ.എ ജയിംസ് മാത്യുവിന്റെ ഭാര്യയാണ് എൻ.സുകന്യ. എം.വി.ഗോവിന്ദന്റെ ഭാര്യയും ആന്തൂർ മുനിസിപ്പാലിറ്റി മുൻ ചെയർപേഴ്സണുമായ പി.കെ.ശ്യാമളയുടെ പേരിന് പിന്തുണ ലഭിച്ചെന്നും വിവരമുണ്ട്. അതേസമയം, തളിപ്പറമ്പിൽ എംവി നികേഷ് കുമാറിനെ മത്സരിപ്പിക്കണമെന്ന നിലപാടിലാണ് എംവി ഗോവിന്ദൻ.

കാബൂളിൽ ബോംബ് വർഷം, യുദ്ധംതുടങ്ങി പാകിസ്താൻ; 133 പേരെ വധിച്ചെന്ന് അവകാശവാദം

ഇസ്ലാമാബാദ്: അതിർത്തിയിൽ സംഘർഷം രൂക്ഷമായതിനു പിന്നാലെ അഫ്ഗാനിസ്താനിലെ താലിബാൻ സർക്കാരിനോട് തുറന്ന യുദ്ധം പ്രഖ്യാപിച്ച് പാകിസ്താൻ. കാബൂളിലും കാണ്ഡഹാറിലും പാകിസ്താൻ നടത്തിയ വ്യോമാക്രമണത്തെ തുടർന്ന് മേഖലയിൽ ഉടലെടുത്ത സംഘർഷമാണ് ഇപ്പോൾ യുദ്ധത്തിലേക്ക് നീങ്ങിയിരിക്കുന്നത്.

പാക് പ്രതിരോധമന്ത്രി ഖാജ ആസിഫ് സാമൂഹിക മാധ്യമമായ എക്സിൽകൂടി താലിബാൻ ഭരണത്തിനെതിരേ കടുത്ത ഭാഷയിൽ മുന്നറിയിപ്പ് നൽകി. 'ഞങ്ങളുടെ ക്ഷമ നശിച്ചിരിക്കുന്നു. നിങ്ങളുമായി ഞങ്ങൾ തുറന്നയുദ്ധം ആരംഭിച്ചിരിക്കുന്നു', ഖാജ ആസിഫ് എക്സ് പോസ്റ്റിൽ പറഞ്ഞു. 'ഖസബ് ലിൽ ഹവ്' എന്ന പേരിട്ട സൈനിക നടപടിക്കാണ് പാകിസ്താൻ തുടക്കംകുറിച്ചിരിക്കുന്നത്.

അഫ്ഗാനിസ്താനിൽ പാകിസ്താൻ നടത്തിയ ആക്രമണത്തിന്റേതെന്ന തരത്തിൽ നിരവധി വീഡിയോകൾ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. കാബൂളിൽ ബോംബ് വർഷം നടത്തുന്നതും വീഡിയോയിൽ കാണാം. ഏത് രീതിയിലുള്ള ആക്രമണത്തേയും ചെറുക്കാൻ സൈന്യത്തിന് ശക്തിയുണ്ടെന്ന് പാക് പ്രധാനമന്ത്രി ഷെഹബാസ് ഷെരീഫ് അഫ്ഗാനിസ്താനിൽ നടത്തിയ ആക്രമണത്തിനു പിന്നാലെ പറഞ്ഞു.

കാബൂളിൽ ജെറ്റ് വിമാനങ്ങളുടേയും ഉഗ്രസ്ഫോടനങ്ങളുടേയും വെടിവെപ്പിന്റെയും ശബ്ദം കേട്ടതായി വാർത്താ ഏജൻസിയായ എഎഫ്പി റിപ്പോർട്ട് ചെയ്തു. കാണ്ഡഹാറിൽ പരമോന്നത നേതാവ് ഹിബത്തുള്ള അഖുന്ദ്സാദ താമസിക്കുന്നിടത്ത് യുദ്ധവിമാനങ്ങൾ വട്ടമിട്ട് പറന്നതായുള്ള റിപ്പോർട്ടുണ്ട്. സംഘർഷത്തിൽ ഇതുവരെ 133 അഫ്ഗാൻ സൈനികരെ വധിച്ചതായി പാകിസ്താനും, 55 പാകിസ്താനി സൈനികരെ വധിച്ചതായി അഫ്ഗാനിസ്താനും അവകാശപ്പെട്ടിട്ടുണ്ട്.

കാബൂളിലും കാണ്ഡഹാറിലും പാകിസ്താൻ വ്യോമാക്രമണം നടത്തിയതായി താലിബാൻ വക്താവ് സൈബുള്ളാ മുജാഹിദീൻ പറഞ്ഞു. അതിർത്തി കടന്ന പാക് വിമാനം വെടിവെച്ചിട്ടതായി അഫ്ഗാനിസ്താൻ അവകാശപ്പെട്ടു.

അഫ്ഗാൻ-പാക് അതിർത്തിയിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി സംഘർഷം തുടർന്നു കൊണ്ടിരിക്കുകയായിരുന്നു. സംഘർഷം രൂക്ഷമായതിനു പിന്നാലെ ഖത്തറിൽവെച്ച് ഇരു രാജ്യങ്ങളുംതമ്മിൽ വെടിനിർത്തൽ കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ, വീണ്ടും അതിർത്തിയിൽ അസ്വാരസ്യങ്ങൾ ഉടലെടുക്കുകയും ഇരുരാജ്യങ്ങളും തമ്മിൽ വീണ്ടും ഏറ്റുമുട്ടലിലേയ്ക്ക് നീങ്ങുകയുമായിരുന്നു.

ഒ. പനീർശെൽവം ഡിഎംകെയിൽ; തമിഴ്നാട് രാഷ്ട്രീയത്തിൽ നിർണായക നീക്കം

ചെന്നൈ: എഐഎഡിഎംകെയിൽനിന്ന് പുറത്താക്കപ്പെട്ട തമിഴ്നാട് മുൻ മുഖ്യമന്ത്രി ഒ. പനീർശെൽവം ഡിഎംകെയിൽ ചേർന്നു. ഇന്ന് ചെന്നൈയിലെ ഡിഎംകെ ആസ്ഥാനത്തെത്തിയ ഒ. പനീർശെൽവത്തെ മുഖ്യമന്ത്രി എം.കെ. സ്റ്റാലിനും മറ്റു മന്ത്രിമാരും ചേർന്ന് സ്വീകരിച്ചു. തുടർന്നാണ് ഒപിഎസ് ഔദ്യോഗികമായി ഡിഎംകെയിൽ അംഗമായത്.

ഡിഎംകെയിൽ ചേരുന്നതിന് മുന്നോടിയായി സ്റ്റാലിൻ സർക്കാരിനെ അഭിനന്ദിച്ച് സംസാരിച്ച ഒപിഎസ്, ഡിഎംകെ വീണ്ടും അധികാരത്തിൽ വരുമെന്നും പറഞ്ഞു. അഞ്ചുവർഷത്തെ ഭരണത്തിലൂടെ മുഖ്യമന്ത്രി കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുടെ മനസ്സുകളിൽ ആഴത്തിൽ പതിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി തമിഴ്നാട്ടിൽ നടക്കുന്ന സുപ്രധാന രാഷ്ട്രീയ നീക്കമാണ് ഒപിഎസിന്റെ ഡിഎംകെ പ്രവേശം. എഐഎഡിഎംകെയിൽ തിരിച്ചെത്താനുള്ള വഴികളടഞ്ഞതോടെ ഒപിഎസ്സും ഡിഎംകെ നേതൃത്വവും തമ്മിൽ അടുത്തിടെ ചർച്ചകൾ നടത്തിയിരുന്നു. ഇതിനുപിന്നാലെ ഒപിഎസ് ഡിഎംകെയിൽ ചേരുമെന്ന അഭ്യൂഹവും ശക്തമായി. കഴിഞ്ഞദിവസം മന്ത്രി പി.കെ. ശേഖർബാബുവിന്റെ നേതൃത്വത്തിലും ഒപിഎസ്സുമായി ചർച്ചനടത്തി. തുടർന്നാണ് വെള്ളിയാഴ്ച എം.കെ. സ്റ്റാലിന്റെ സാന്നിധ്യത്തിൽ ഒപിഎസ് ഡിഎംകെയിൽ അംഗമായത്.

നിയമസഭാ തിരഞ്ഞെടുപ്പിൽ തേനിയിലെ ബോഡിനായ്ക്കന്നൂർ നിയോജകമണ്ഡലത്തിൽനിന്ന് ഒ.പനീർശെൽവം ഡിഎംകെ സ്ഥാനാർഥിയായി മത്സരിക്കുമെന്നാണ് വിവരം. ഒപിഎസ് പാർട്ടിയുടെ ഭാഗമായതോടെ തമിഴ്നാടിന്റെ തെക്കൻമേഖലയിൽ തങ്ങളുടെ കരുത്ത് വർധിപ്പിക്കാനാകുമെന്നാണ് ഡിഎംകെയുടെ കണക്കുക്കൂട്ടൽ. തേവർ വിഭാഗത്തിന് ഭൂരിപക്ഷമുള്ള മേഖലകളിൽ ഒപിഎസ്സിന്റെ സാന്നിധ്യം പാർട്ടിക്ക് മുതൽക്കൂട്ടാകുമെന്നും ഡിഎംകെ നേതൃത്വം കരുതുന്നു.

മൂന്ന് തവണ തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ഒ. പനീർശെൽവം ജയലളിതയുടെ വിശ്വസ്തനായ നേതാവായിരുന്നു. ജയലളിതയുടെ മരണത്തിന് പിന്നാലെയാണ് എഐഎഡിഎംകെയിൽ ഒപിഎസ്സും എടപ്പാടി കെ. പളനിസ്വാമിയും തമ്മിൽ അധികാരവടംവലി രൂക്ഷമായത്. പളനിസ്വാമിയുമായുള്ള തർക്കത്തെ തുടർന്ന് എഐഎഡിഎംകെയിൽനിന്ന് പുറത്താക്കപ്പെട്ട ഒപിഎസ് പിന്നീട് പാർട്ടിയിൽ തിരിച്ചെത്താൻ അനുനയത്തിന് ശ്രമിച്ചെങ്കിലും ഫലംകണ്ടില്ല. ഒ. പനീർശെൽവത്തെ തിരിച്ചെടുക്കാനുള്ള നീക്കങ്ങളെ പളനിസ്വാമി ശക്തമായി ചെറുത്തിരുന്നു. ഇതോടെ ബിജെപി നേതൃത്വത്തെ സമീപിച്ച് സമ്മർദം ചെലുത്താനും ഒപിഎസ്സ് ശ്രമിച്ചിരുന്നു.

ഹൈക്ക

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഡോ:ടി.ഐ.രാധാകൃഷ്ണൻ സ്മൃതിപുരസ്കാരം സമ്മാനിച്ചു

തൃശ്ശൂർ: ആതുര ശുശ്രൂഷ ജീവിത വ്രതമാക്കി,വൈദ്യശാസ്ത്ര മേഖലയിൽഅത്ഭുതകരമായമാറ്റങ്ങൾക്ക്കാരണക്കാരനാകുകയുംഒപ്പംകല, സാംസ്കാരിക, ജീവകാരുണ്യ, ആദ്ധ്യാത്മീക രംഗങ്ങളിൽ സക്രിയമായ ഇടപെടലുകളിലൂടെശ്രദ്ധേയനാകുകയും ചെയ്ത ഡോ:ടി.കെ.രാധാകൃഷ്ണന്റെ 13-ാം ചരമവാർഷികം ആചരിച്ചു.

ഡോ.ടി.കെ.രാധാകൃഷ്ണൻ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ അനുസ്മരണവും ഡോ:ടി.കെ.രാധാകൃഷ്ണൻ സ്മൃതി പുരസ്കാരദാനവും മേയർ ഡോ:നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്തു. അന്ധരുടെയും കാഴ്ച്ച പരിമിതരുടെയും ശാക്തീകരണം ലക്ഷ്യമാക്കി ജനജീവിതത്തിന്റെ മുഖ്യധാരയിൽ അവരെ എത്തിക്കുന്ന കർമ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന ജ്യോതിർഗമയ ഫൗണ്ടേഷന്റെ സ്ഥാപക ടിഫാനി ബ്രാറിന് പുരസ്കാരം മേയർ ഡോ:നിജി ജസ്റ്റിൻ സമ്മാനിച്ചു. ഫൗണ്ടേഷൻ ചെയർമാൻ ടി.വി. ചന്ദ്രമോഹൻ എക്സ്. എം.എൽ.എ.അദ്ധ്യക്ഷത വഹിച്ചു. മാനേജിങ്ങ് ട്രസ്റ്റീഡോ നളിനി രാധാകൃഷ്ണൻ, ജനറൽസെക്രട്ടറി ഒ.പി.ബാലൻ മേനോൻ, നോവസിസ്റ്റ് കെ.രഘുനാഥ്, ആമുഖ പ്രസംഗവും കൂറ്റനാട് രാവുണ്ണി പണിക്കർ, ഡോ. ടി.ഐ. രാധാകൃഷ്ണൻ അനുസ്മരണ പ്രഭാഷണവും നടത്തി.

ഡേവിഡ് കണ്ണനായ്ക്കൽ, മുൻ മേയർ കെ.രാധാകൃഷ്ണൻ, ഡോ.രാജേശ്വരി കുഞ്ഞമ്മ, മഞ്ജു മേനോൻ, ശ്രീധരൻ തേറമ്പിൽ പ്രസംഗിച്ചു. ഡോ: ടി.ഐ.രാധകൃഷ്ണന്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തുകയുണ്ടായി.

ഡോ:ടി.കെ.രാധാകൃഷ്ണൻ സ്മൃതി പുരസ്കാരം ടിഫാനി ബ്രാറിന് മേയർ ഡോ.നിജി ജസ്റ്റിൻ സമ്മാനിക്കുന്നു

കെ ഒ വിൻസെന്റ് മാസ്റ്റർ ചിത്രകലാ പുരസ്ക്കാരം ആർട്ടിസ്റ്റ് മോഹൻദാസിന്

ഇരിങ്ങാലക്കുട :യുവകലാസാഹിതി ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആർട്ടിസ്റ്റ് മോഹൻദാസിന് കെ ഒ വിൻസെന്റ് മാസ്റ്റർ ചിത്രകലാ പുരസ്ക്കാരം നാളെ വൈകീട്ട് 5 മണിക്ക് ഇരിങ്ങാലക്കുട ടൗൺ ഹാളിൽ വച്ച് നൽകുന്നതാണന്ന് യുവ കലാ സാഹിതി ഇരിങ്ങാലക്കുട മണ്ഡലം പ്രസിഡണ്ട് അഡ്വ രാജേഷ് തമ്പാൻ, സെക്രട്ടറി വി പി അജിത് കുമാർ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

മോഹൻദാസിന്റെ സുഹൃത്ത് കൂടിയായ മുൻ മന്ത്രി വി എസ് സുനിൽകുമാർ പുരസ്ക്കാം സമ്മാനിക്കുന്നതാണെന്നും അവർ അറിയിച്ചു. ആദരണ സമ്മേളനാനന്തരം വൈകീട്ട് 630 ന് റഷീദ് കാറളം ഉൾപ്പടെയുള്ളവർ വേഷമിടുന്ന കുചേലവൃത്തം കഥകളിയുടെ അരങ്ങേറ്റവും നടക്കുമെന്നും അവർ അറിയിച്ചു. കെ കെ കൃഷ്ണാനന്ദ ബാബു,എസ് കെ വസന്തൻ, റഷീദ് കാറളം എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ഇത് അഭിമാനം, ചരിത്രം സംസ്ഥാനതല പട്ടയമേള മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചു

തൃശൂർ: എല്ലാവർക്കും ഭൂമി,എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച പട്ടയ വിതരണമേളയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു.കേരളക്കരക്കാകെ സന്തോഷവും അഭിമാനവും പകരുന്ന ചടങ്ങിനാണ് നാം സാക്ഷ്യം വഹിക്കുന്നത് എന്ന മുഖവുരയോടെയാണ് മുഖ്യമന്ത്രി പ്രസംഗം ആരംഭിച്ചത്.

നാലര ലക്ഷം കുടുബങ്ങൾക്ക് തങ്ങളുടെ ഭൂമിയുടെ അവകാശം കൈകളിലേക്ക് എത്തിച്ചേരുന്നതിന്റെ ചരിത്ര മുഹൂർത്തമാണിതെന്ന് മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ജാതി, മത, രാഷ്ട്രീയ വ്യത്യാസങ്ങളില്ലാതെ സർക്കാർ നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ജനങ്ങൾ ഒപ്പമുണ്ടായിട്ടുണ്ട്. അത് എന്നും നിലനിൽക്കും. വിവിധ വികസന നേട്ടങ്ങൾ കൈവരിച്ച് കേരള സംസ്ഥാനത്തെ വേറിട്ട് നിർത്താൻ 2016 മുതൽ സർക്കാരിന് സാധിച്ചുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിലെ വലിയ വിഭാഗം കുടുംബങ്ങൾക്കാണ് സഹായം ലഭിക്കും. 5ലക്ഷം പട്ടയങ്ങൾ അതിൽ ഒരു കുടുംബത്തിൽ 4പേരെ കണക്കാക്കിയാൽ 16 ലക്ഷത്തിലേറെ ആളുകൾക്കാണ് ഇതിന്റെ ഫലം ലഭിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1,77,011 പട്ടയങ്ങളാണ് വിതരണം ചെയ്തത്. പിന്നീട് തുടർഭരണത്തിൽ ആദ്യ ഘട്ടത്തിൽ 54535 പട്ടയവും അതിന്റെ തുടച്ചയായി 6,769 പട്ടയങ്ങൾ ശേഷം 31,499 പട്ടയങ്ങൾ, അതിനു ശേഷം 27,784 പട്ടയങ്ങളാണ് ആദ്യ 3വർഷം കൊണ്ട് വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്യാനായത്. ഈ ചടങ്ങിൽ കൈമാറുന്നത് ഉൾപ്പെടെ 4,56,689 പട്ടയങ്ങളാണ് അവകാശികളിലേക്കെത്തുന്നത്. ഇത് തുടർഭരണത്തിന്റെ പ്രത്യേകതയാണ്. പാവപ്പെട്ട ജനങ്ങൾക്ക് സ്വന്തമായി ഭൂമി, വീട്,ആരോഗ്യം, വിദ്യാഭ്യാസം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വേണമെന്ന് ആഗ്രഹിക്കുന്നവർക്ക് സാധ്യമാക്കുന്ന, പാവപ്പെട്ടവർക്ക് സുരക്ഷിതത്വം ഒരുക്കുന്ന സർക്കാരാവാൻ സാധിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

മുത്തങ്ങയിലെ ഭൂസമരത്തെ തുടർന്ന് കുടിയൊഴിക്കപ്പെട്ട 253 ആദിവാസി കുടുംബങ്ങൾക്ക് ഒരു ഏക്കർ ഭൂമിവീതം ലഭ്യമാക്കിയത് ഈ സർക്കാരാണ്. അവശേഷിക്കുന്ന ദുരിതർക്ക് മരിയനാട് എസ്റ്റേറ്റിലെ 171 ഏക്കർ ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. തിരുവന്തപുരം ജില്ലയിലെ ചെറ്റച്ചലിൽ നടന്ന സ്വന്തം അവസാനിപ്പിക്കാൻ വേണ്ടി 137 കുടുംബങ്ങൾക്ക് ഭൂമി നൽകാൻ കഴിഞ്ഞുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

2016 മുതൽ 2025 വരെ വനവകാശ നിയമം പ്രകാരം 46,300 കുടുംബങ്ങൾക്കായി 6,250 ലേറെ ഏക്കർ ഭൂമിയാണ് പതിച്ചു നൽകിയത്. 213 കുടുംബങ്ങൾക്ക് റവന്യൂ ഭൂമി പട്ടയവും 3426 കുടുംബങ്ങൾക്ക് 2106 ഏക്കർ നിക്ഷിപ്ത വനഭൂമിക്കുള്ള അവകാശരേഖയും, ലാൻഡ് പർച്ചേസിംഗ് മുഖേന 254 കുടുംബങ്ങൾക്കായി 145 ഏക്കർ ഭൂമിയും ലാൻഡ് ബാങ്ക് വഴി 422 കുടുംബങ്ങൾക്ക് ഭൂമിയും പ്രളയ ദുരന്തനിവാരണത്തിന്റെ ഭാഗമായി 171 കുടുംബങ്ങൾ ഭൂമി നൽകിയത് ഉൾപ്പെടെ 9196 കുടുബൾക്ക് വേണ്ടി 8,690 ഏക്കർ ഭൂമി ഭൂതഹിതർക്ക് നൽകാൻ സർക്കാരിന് കഴിഞ്ഞുവെന്നും ഭൂവിതരണം കാര്യക്ഷമമാക്കാൻ സാധിച്ചത് ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ്. പ്രത്യേക ഡാഷ് ബോർഡ് തയ്യാറാക്കി ലാൻഡ് ട്രിബ്യൂണൽ അദാലത്തുകളും, ജനപ്രതിനിധിയുടെ നേതൃത്വത്തിൽ ജില്ലാതല അദാലത്തുകളും നടത്തി. പട്ടയം മിഷൻ രൂപീകരിച്ചാണ് എല്ലാവരെയും ഭൂമികളുടെ അവകാശമാക്കുയെന്ന ലക്ഷ്യത്തിലേക്ക് സഞ്ചരിക്കുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

2011-16 കാലയളവിൽ കേവലം 18 പട്ടയങ്ങളാണ് തൃശ്ശൂർ താലൂക്കിലെ മലയോര മേഖലയിൽ വിതരണം ചെയ്യാനായതെങ്കിൽ മലയോര മേഖലയിലെ പട്ടയ വിതരണത്തിന്റെ പ്രശ്നങ്ങൾ പരിഹരിച്ച് 2,634 പട്ടയങ്ങൾ ഈ ചെറിയ കാലയളവിൽ വിതരണം ചെയ്യാൻ സർക്കാരിനെ സാധിച്ചുവെന്ന് റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിച്ചു. പട്ടയ മിഷൻ രൂപീകരണത്തെ കുറിച്ചും തുടർന്ന് നടന്ന പ്രവർത്തനങ്ങളെ കുറിച്ചും മന്ത്രി സംസാരിച്ചു. മലയോര മേഖലയിലെ മനുഷ്യരേട് സർക്കാർ കാണിക്കുന്ന നീതിയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വിദ്യാർത്ഥികൾക്കായി ശുചിത്വ പഠനോത്സവം സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട മുനിസിപ്പൽ ടൗൺഹാളിൽ വെച്ച് നടത്തിയ പരിപാടി നഗരസഭാ എം പി ജാക്സൺ ഉദ്ഘാടനം ചെയ്തു.

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വി സി വർഗ്ഗീസ് അധ്യക്ഷത വഹിച്ചു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ടി എ പോൾ സ്വാഗതം പറഞ്ഞു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പ്രവീൺസ് ഞാറ്റുവെട്ടി, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ റോണി പോൾ, നഗരസഭാ വാർഡ് കൗൺസിലർമാർ എന്നിവർ പങ്കെടുത്തു. കില റിസോഴ്സ് പേഴ്സൺ സ്റ്റാൻലി ക്ലാസ് നടത്തി. നഗരസഭാ ക്ലീൻ സിറ്റി മാനേജർ നന്ദി പ്രകാശിപ്പിച്ചു.

വിദ്യാർത്ഥികൾക്കായി മാലിന്യ സംസ്കരണവും പരിസ്ഥിതി സംരക്ഷണവും സംബന്ധിച്ച് വിദ്യാർത്ഥികളിൽ ശാസ്ത്രീയ മാലിന്യ പരിപാലന മനോഭാവം വളർത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സർക്കാർ നടത്തുന്ന പരിപാടിയാണ് വിദ്യാർത്ഥി ഹരിത സേന സ്ക്കോളർഷിപ്പ് 'ഇക്കോ സെൻസ്. സ്കൂളുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളാണ് ശുചിത്വ പഠനോത്സവത്തിൽ വിഷയാവതരണം നടത്തിയത്. സ്കൂളുകളിൽ വേസ്റ്റ് കൊണ്ട് നിർമിച്ച ആർട്ടുകൾ പഠനോത്സവത്തിൽ പ്രദർശിപ്പിച്ചു. വിദ്യാർത്ഥികൾക്ക് പ്രശസ്തി പത്രവും നൽകി. പഠനോത്സവത്തിൽ പങ്കെടുത്ത നഗരസഭയിലെ 75 വിദ്യാർത്ഥികൾക്ക് 1500 രൂപ വീതം സ്കോളർഷിപ്പ് നൽകും.

വൈക്കം പരമേശ്വര അയ്യർ പുരസ്കാരം ഡോ. വി ബാലകൃഷ്ണപണിക്കർക്ക് സമ്മാനിച്ചു

തൃശൂർ: വൈക്കം പരമേശ്വര അയ്യർ സ്മാരക ഗണിതശാസ്ത്ര പുരസ്കാരം പ്രശസ്ത ഗണിത ഗവേഷകനും പതിനെട്ടോളം ഗണിത ഗ്രന്ഥങ്ങളുടെ കർത്താവുമായ ഡോ. വി ബാലകൃഷ്ണപണിക്കർക്ക് സമ്മാനിച്ചു. മറുപടി പ്രസംഗത്തിൽ തന്റെ 95-ാം വയസ്സിലും ഗണിതത്തോടുള്ള ആദരവ് അദ്ദേഹം പ്രകടിപ്പിച്ചു. ഓരോ കാര്യങ്ങളും അതിന്റെ അകത്തേയ്ക്കിറങ്ങി ചെന്ന്മനസ്സിലാക്കണമെന്ന് അദ്ദേഹം വിദ്യാർത്ഥികളെയും ഗവേഷകരെയും ഓർമ്മിപ്പിച്ചു.

ഗണിത ശാസ്ത്രത്തിൽ Differential Equations എന്ന മേഖലയിൽ തനതായ ആശയങ്ങളും നവീന സൂത്ര വാക്യങ്ങളും ആവിഷ്കരിച്ച പ്രശസ്ത എഞ്ചിനീയർ പരേതനായ വൈക്കത്ത് കുന്നേമഠത്തിൽ പരമേശ്വര അയ്യരുടെ പേരിലുള്ളതാണ് 10,000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന ഈ ഗണിത ശാസ്ത്ര പുരസ്കാരം.

കേരള മാത്തമാറ്റിക്കൽ അസോസിയേഷനും മാധവ ഗണിത കേന്ദ്രവും ചേർന്ന് ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് തൃശൂർ സി അച്യുത മേനോൻ ഗവണ്മെന്റ് കോളേജ് മാത്തമാറ്റിക്സ് & ഡാറ്റാ സയൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ കോളേജിൽ വെച്ചു നടന്ന പരിപാടി കേരള വന ഗവേഷണ സ്ഥാപനത്തിന്റെ ഡയറക്ടറും സംഗീത ജ്ഞനും കൂടിയായ ഡോ. കണ്ണൻ സി എസ് വാര്യർ ഉദ്ഘാടനം ചെയ്തു. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. പി. കെ. വിജയൻ അധ്യക്ഷത വഹിച്ചു.

കേരള മാത്തമാറ്റിക്കൽ അസോസിയേഷൻ സെക്രട്ടറിയും മുത്തൂറ്റ് എഞ്ചിനീയറിംഗ് കോളേജ് റിസർച്ച് പ്രഫസറുമായ ഡോ. വിനോദ് കുമാർ പി ബി, ഗണിത സമസ്യയായ കൊളാട്സ് കൺജക്റ്ററിനെ പറ്റി മുഖ്യ പ്രഭാഷണം നടത്തി. കൊച്ചിൻ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് എഞ്ചിനീയറിംഗിലെ ചെയർ പ്രഫസറായ ഡോ. ജി. മധു, കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ സംസ്കൃത വകുപ്പ് മേധാവിയും കേരളീയ ഗണിത ഗവേഷകനുമായ ഡോ. എൻ. കെ. സുന്ദരേശ്വരൻ, കേന്ദ്ര സംസ്കൃത സർവകലാശാല FDP കോർഡിനേറ്ററായ ഡോ. വിശ്വനാഥൻ, ഗണിതശാസ്ത്ര വിഭാഗം മേധാവി ഡോ. ഉണ്ണികൃഷ്ണൻ തെക്കെപ്പാട്ട്, മാധവഗണിത കേന്ദ്രം കോർഡിനേറ്റർ പ്രിയേഷ് കുമാർ ബി. കെ, വൈക്കം പരമേശ്വര അയ്യരുടെ മകനും ജ്യേഷ്ഠദേവന്റെ യുക്തിഭാഷ എന്ന അതിപ്രാചീന ഗണിത കൃതിക്ക് ആധുനിക വ്യാഖ്യാനം രചിച്ച ഗണിത ഗവേഷകനും ആട്ടക്കഥകൃത്തുമായ ഡോ. വൈക്കം രാജശേഖരൻ, ഭാരതപ്പുഴ സംരക്ഷണ സമിതി ട്രഷററും അഷ്ടാംഗം ആയുർവേദ കോളേജ് സെക്രട്ടറിയും ആയ ഇ. എം. ഉണ്ണികൃഷ്ണൻ, ആർക്കിടെക്റ്റ് കെ. ആർ. സുജിത്, ഐ ക്യു എ സി കോർഡിനേറ്റർ ഡോ. ഷീജ പി.സി., FYUG കോർഡിനേറ്റർ ഡോ. സ്മിത, കെ. ആർ., ഗണിതാധ്യാപിക സൂര്യ മേനോൻ കെ., കോളേജ് യൂണിയൻ വൈസ് ചെയർപേഴ്സൺ അച്യുന, വർഷ കെ.വി. എന്നിവർ സംസാരിച്ചു.

ഇതോടൊപ്പം ഭാരതപ്പുഴയുടെ ഒഴുക്കിനെപ്പറ്റി പഠനം നടത്തിയ വിദ്യാർത്ഥികളുടെ internship സർട്ടിഫിക്കറ്റ് വിതരണവും നടന്നു.

പഞ്ചായത്തുകുളത്തിനോട് ചേർന്ന് ഓപ്പൻ ജിംനേഷ്യം സെന്റർ സ്ഥാപിക്കണം: ആർ ജെ ഡി

ആമ്പല്ലൂർ: അളഗപ്പനഗർ പഞ്ചായത്ത് 19-ാം വാർഡിലെ കൈരളി നഗർ ബ്രാഞ്ച് കോർട്ട് റോഡിലെ പഞ്ചായത്തുകുളത്തിനോട് ചേർന്ന് ഓപ്പൻ ജിംനേഷ്യം സെന്റർ സ്ഥാപിക്കണമെന്ന് രാഷ്ട്രീയ ജനതാദൾ (ആർ ജെ ഡി) അളഗപ്പനഗർ പഞ്ചായത്ത് കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. യോഗം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. ഷാജൻ മഞ്ഞളി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ഐ പി കുട്ടൻ, കെ എസ് സുകുമാരൻ, ടി പി ജേക്കബ്, എൻ എ യോഹന്നാൻ, എ എ റപ്പായി, വി ആർ അന്തോണി, എം എ ഷൈജു, എം വി പ്രദീപ്, കെ വി ജോർജ്ജ്, പി വി അനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു.

തൃശൂർ: വിയ്യൂർ ഗ്രാമീണ വായനശാലയിലെ വിജ്ഞാന സദസ്സ് തൃശ്ശൂർ ജില്ലാ ലൈബ്രറികൗൺസിൽപ്രസിഡന്റ് പ്രൊഫ. എം. ഹരിദാസ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സന്തോഷ്. കെ. എഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി പി. ഉദയകുമാർ വൈസ് പ്രസിഡന്റ് വി.ഡി. ജോൺസൺ ജോയിൻ സെക്രട്ടറി അരുൺ നാരായണൻ എന്നിവർ പ്രസംഗിച്ചു. ലളിതാംബിക വിയ്യൂർ റിപ്പബ്ലിക് ദിനത്തെക്കുറിച്ച് കവിത ചൊല്ലി. അക്ഷരോത്സവത്തിൽ താലൂക്ക് തലത്തിൽ സമ്മാനാർഹയായ ഉത്തര നിഖിലിനെ ആദരിച്ചു.

"വിമർശിക്കാൻ ധൈര്യമുള്ളവരായിരിക്കണം ഭക്തർ": സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധി

തൃശൂർ: യഥാർഥ ഭക്തജനങ്ങൾ വിമർശിക്കാൻ ധൈര്യമുള്ളവരായിരിക്കണമെന്നും, ഭീരുക്കളെ വിശ്വാസികളുടെ ഗണത്തിൽ പെടുത്താൻ കഴിയില്ലെന്നും, വലിയ ദൈവഭയമുള്ളവന് ലോകത്തെ ഭയക്കേണ്ടി വരില്ലെന്നും സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധി അഭിപ്രായപ്പെട്ടു. ധീരന്മാരായ വിശ്വാസികൾക്കേ സാംസ്കാരിക - സാമൂഹ്യ - വിദ്യാഭ്യാസ- ജനാധിപത്യ മേഖലകളിൽ പ്രവർത്തിക്കാൻ കഴിയുകയുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സെന്റർ ഫോർ ഗൈഡൻസ് ആന്റ് ഇൻഫർമേഷൻ (സിജി) തൃശൂർ സെന്റർ പോയിന്റിലെ വജ്ര ലേണിങ്ങ് സെന്ററിൽ സംഘടിപ്പിച്ച സാംസകാരിക സദസ്സും ഇഫ്താർ മീറ്റും ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സിജി തൃശൂർ ജില്ലാ പ്രസിഡന്റ് അഡ്വ എ വൈ ഖാലിദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ അഷറഫ് സഖാഫി പ്രാർഥന നിർവഹിച്ചു. രാമവർമ്മപുരം പോലീസ് അക്കാദമി ഡയറക്ടർ സൂപ്രണ്ട് ഓഫ് പോലീസ് നജീബ്, മഹല്ല് അസോസിയേഷൻ പ്രസിഡണ്ട് അബ്ദു ഹാജി, ജമാഅത്തെ ഇസ്ലാമി തൃശൂർ ജില്ലാ പ്രസിഡണ്ട് മുനീർ വരന്തരപ്പിള്ളി, കെ എൽ ഡി സി അക്കൗണ്ട്സ് ഓഫീസർ ഷക്കീർ ആലപ്പുഴ, സിജി മുൻ സംസ്ഥാന സെക്രട്ടറി എ പി നിസാം, സിജി തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി മുഹമ്മദ് റാഫി, സിജി സി - ഇൻഡക്ഷൻ പ്രോഗ്രാം കോഡിനേറ്റർ അബ്ദുൾ ഹാലിഖ്, എൻജോയ് ഹോം ഡയറക്ടർ ഡോ പി എം ജവഹർലാൽ, സൗമിയ ടീച്ചർ, ആരോഗ്യ പ്രവർത്തകൻ ഹുസൈൻ ചെറുതുരുത്തി, അസീസ് താണിപ്പാടം, സിജി തൃശൂർ താലൂക്ക് ജനറൽ സെക്രട്ടറി സാജിദ് അലി, വെളിച്ചം പദ്ധതി കോഡിനേറ്റർ ഹമീദ് മനക്കൊടി എന്നിവർ സംസാരിച്ചു.

പുന: പ്രതിഷ്ഠാ മഹോത്സവം ആഘോഷിച്ചു

ചാലക്കുടി: മേലൂർ പയ്യമ്പിള്ളി കൊട്ടിൽ മുത്തപ്പൻ ഭഗവതി ക്ഷേത്രത്തിലെ പുന:പ്രതിഷ്ഠാ മഹോത്സവം ആഘോഷിച്ചു. വ്യാഴാഴ്ച പുലർച്ച ക്ഷേത്രചടങ്ങുകൾ, ഗണപതി ഹോമം, തുടർന്ന് ഉപദേവതകളുടെപ്രതിഷ്ഠ, കലശം തുടങ്ങിയപ്രധാന ചടങ്ങുകൾ നടന്നു. ക്ഷേത്ര ചടങ്ങുകൾക്ക്തന്ത്രി പെരുവഴിപ്പുറം കുമാരസ്വാമി, മേൽശാന്തി ഉണ്ണികൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. മേലൂർ ഉദയപുരം മൃത്യുഞ്ജയ ക്ഷേത്രത്തിൽ നിന്നും ഭക്ത്യാദരപൂർവം താലം എഴുന്നള്ളിപ്പ് നടന്നു. പഞ്ചവാദ്യം, തെയ്യം, ഗുളികൻ, അനുഷ്ഠാന പാരമ്പര്യ കലാ രൂപങ്ങളുടെ അകമ്പടിയോടെ നടന്ന താലഘോഷയാത്രയിൽ നൂറ് കണക്കിന് ഭക്തജനങ്ങൾ പങ്കെടുത്തു. തുടർന്ന് ദീപാരാധന, ദീപ കാഴ്ച, ഗുരുതിയും നടന്നു. പാരമ്പര്യ - ആചാര-അനുഷ്ഠാന കലാരൂപങ്ങളുടെ ആട്ടവും, കൊട്ടും, പാട്ടും, മുടിയാട്ടവും നടന്നു.

ടെണ്ടർ ക്ഷണിച്ചു

തൃശൂർ: വനിതാശിശു വികസന വകുപ്പിന് കീഴിലുള്ള മാള ഐ.സി.ഡി.എസ് പ്രോജക്ടിലെ അങ്കണവാടികളിലേക്ക് 2025-26 സാമ്പത്തിക വർഷത്തേക്ക് ആവശ്യമുള്ള പ്രീ സ്കൂൾകിറ്റ് വിതരണം ചെയ്യുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് നാലിന് ഉച്ചയ്ക്ക് രണ്ട് മണി. ഫോൺ: 0480 2893269.

മന്നം സമാധി ദിനാചരണം

ഇരിങ്ങാലക്കുട:മുകുന്ദപുരം എൻ.എസ്. എസ് താലൂക്ക് യൂണിയൻ മന്നം സമാധി ദിനാചരണം നായർ സർവീസ് സൊസൈറ്റി സ്ഥാപകൻ മന്നത്തുപത്മനാഭന്റെ അൻപത്തി ആറാമത് സമാധി ദിനം ഭക്തിനിർഭരമായ ചടങ്ങുകളോടെ മുകുന്ദപുരം താലൂക്ക് യൂണിയൻ ആചരിച്ചു.

ഇരിങ്ങാലക്കുട കളത്തുംപടി ശ്രീ സംഗമേശ്വര ഹാളിൽ രാവിലെ ആറുമണിമുതൽ ഭക്തിഗാനാലാപനവും തുടർന്ന് സമൂഹപ്രാർത്ഥനയുമുണ്ടായിരുന്നു. താലൂക്ക് യൂണിയൻ ചെയർമാൻ അഡ്വ. ഡി. ശങ്കരൻകുട്ടി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽനായർ സർവീസ് സൊസൈറ്റിയുടെ രൂപീകരണവേളയിൽ മന്നത്തുപത്മനാഭനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ കമ്മിറ്റി അംഗം പി ആർ അജിത്ത് കുമാർ ചൊല്ലിക്കൊടുത്തു. മന്നത്താചാര്യന്റെ ഛായാചിത്രത്തിനുമുൻപിൽ പുഷ്പാർച്ചനയും നടത്തി.

താലൂക്ക് യൂണിയൻ ഭരണ സമിതി അംഗങ്ങളായ, സി. വി ജയൻ, രവി കണ്ണൂർ, കരയോഗ ഭാരവാഹികളായ കെ.ബി ശ്രീധരൻ, രവിശങ്കർ, പ്രവീൺ കുമാർ വനിതാ യൂണിയൻ പ്രസിഡന്റ് ജയശ്രീ അജയ്, കമ്മിറ്റി അംഗങ്ങളായ, സ്മിത ജയകുമാർ, ജയന്തി രാഘവൻ, മായ, ശ്രീദേവി മേനോൻ, രമ ശിവൻ, കരയോഗ കുടുംബാംഗങ്ങൾ തുടങ്ങിയവർ മന്നത്താചാര്യൻ ഇഹലോകവാസം വെടിഞ്ഞ 11.45വരെഉപവാസമനുഷ്ഠിച്ച് ചടങ്ങിൽ പങ്കെടുത്തു.

താലൂക്ക് യൂണിയൻ സെക്രട്ടറി എസ്. കൃഷ്ണകുമാർ സ്വാഗതവും പ്രതിനിധി സഭാംഗം കെ ആർ മോഹനൻ നന്ദിയും പറഞ്ഞു.

മോഹൻലാലിന്റെയും ദിലീപിന്റെയും മൊഴി രേഖപ്പെടുത്തി

തൃശൂർ: ശബരിമലയിലെ കൊടിമര മാറ്റത്തിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് മോഹൻലാലിന്റെയും ദിലീപിന്റെയും മൊഴി രേഖപ്പെടുത്തി വിജിലൻസ്. സ്വർണം സംഭാവന നൽകിയതിന്റെ വിവരങ്ങളാണ് താരങ്ങളിൽ നിന്ന് വിജിലൻസ് പ്രത്യേക സംഘം ചോദിച്ചറിഞ്ഞത്. സ്വർണം സംഭാവന നൽകണമെന്ന് അഭ്യർത്ഥിച്ചത് സുഹൃത്തായ സുരേഷ് ഗോപിയാണെന്ന് മോഹൻലാൽ മൊഴി നൽകി. തിരുവനന്തപുരത്തെ ജ്വല്ലറിയിൽ നിന്ന് രണ്ട് പവൻ സ്വർണം വാങ്ങി സുഹൃത്ത് മുഖേന പമ്പയിലെത്തിച്ചുവെന്നും മോഹൻലാലിന്റെ മൊഴിയിൽ പറയുന്നു. തിരുവനന്തപുരത്ത് വെച്ചാണ് മോഹൻലാലിന്റെ മൊഴിയെടുത്തത്. ദിലീപിന്റെ മൊഴി കൊച്ചിയിൽ വച്ചും രേഖപ്പെടുത്തി.

AVANANGATTIL KALARI
Om Sree Vishnumaye Nam